ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിൽ ഗവൺമെൻറ് റൂറൽ ഡിസ്പെൻസറി, പന്ന്യന്തർ എന്നൊരു ഡിസ്പെസറി ഉണ്ട്. അവിടെ കിടക്കകളുടെ എണ്ണം 10 ആയി നിശ്ചയിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ യൂറോളജി വകുപ്പ്

1533. [2298] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ യൂറോളജി വകുപ്പിന്റെ ആവശ്യത്തിനുവേണ്ടി ഒരു മൊബൈൽ എക്സറേ മെഷീൻ വാങ്ങുന്നതിന് സർക്കാരിന്റെ അനുമതിക്കായി ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ സാമ്പത്തിക വർഷത്തിൽത്തന്നെ അത് വാങ്ങി സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഏഴു ലക്ഷം രൂപ വില പിടിപ്പുള്ള ഈ മെഷീൻ വാങ്ങുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല. ഇതിനുവേണ്ടിവരുന്ന തുക ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കാൻ സാധിക്കുമോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

വളയം ആശുപത്രിയിൽ ലേഡി ഡോക്ടറെ നിയമിക്കുവാൻ നടപടി

1534. [2299] ശ്രീ. കെ. റ്റി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വളയം ആശുപത്രിയിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വളയം പി. എച്ച്. സെൻററിൽ 2 ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. അതിൽ രണ്ടിലും പുരുഷ ഡോക്ടർമാരെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളത്. അവിടെ അടുത്ത ഒഴിവുണ്ടാകുമ്പോൾ ഒരു ലേഡി ഡോക്ടറെ നിയമിക്കുന്നതാണ്.

താൽക്കാലിക സ്വീപ്പർ നേഴ്സുമാർ

1535. [2300] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ആരോഗ്യ വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര സ്വീപ്പർ നേഴ്സുമാർ ഇപ്പോൾ സർവ്വീസിലുണ്ട്.

(ബി) ഇവരുടെ സർവീസ് റെഗുലറൈസ് ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 670 നഴ്സുമാർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി പി.എസ്.സി.യുമായി കത്തിടപാടുകൾ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly